File Ref.No.70076/SDE-A-ASST-2/2018/Admn

UNIVERSITY OF CALICUT

**Abstract**

വിദൂരവിദ്യാഭ്യാസ വിഭാഗം - 17.03.2018 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 44/2018/ധന പ്രകാരം വിദൂര വിദ്യാഭ്യാസ വിഭാഗം വഴി നടത്തുന്ന ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ പ്രവേശന ഫീസ്, ട്യൂഷൻ ഫീസ് എന്നിവയിൽ വർദ്ധനവ് വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**School of Distance Education**

U.O.No. 9641/2018/Admn — Dated, Calicut University.P.O, 10.08.2018

---

*Read:*-1. 17.03.2018 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 44/2018/ധന.

2. 05.05.2018 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 5445/2018/Admn.

3. 16/05/2018 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 5886/2018/Admn.

4. 06/08/2018 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 9387/2018/Admn.

**ORDER**

പരാമർശം (1) പ്രകാരം, സർക്കാർ വകുപ്പുകൾ / പൊതുമേഖല / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ / ചാർജ്ജുകൾ എന്നിവയിൽ 01/04/2018 മുതൽ 5 % വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. നിലവിലെ എല്ലാ നിരക്കുകളും 5 % വർദ്ധനവ് വരുത്തിയ തുക അഞ്ച് രൂപയുടെ ഗുണിതമായ തുകയല്ലെങ്കിൽ തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക പുതുക്കിയ നിരക്കായി നിശ്ചയിക്കാനും ഉത്തരവായിട്ടുണ്ട്.

സർവകലാശാലയിൽ അതത് വകുപ്പുകൾ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഫീസുകളുടെയും ചാർജ്ജുകളുടെയും നിലവിലുള്ള നിരക്കുകൾ 17.03.2018 ലെ സർക്കാർ ഉത്തരവ്(അച്ചടി) നമ്പർ 44/2018/ധന പ്രകാരം 01.04.2018 മുതൽ പ്രാബല്യത്തിൽ 5 % വർദ്ധനവ് വരുത്തി ഉത്തരവ് ഇറക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും/പഠന വകുപ്പ് മേധാവികൾക്കും/സർവകലാശാല സെന്ററുകളിലെ മേധാവികൾക്കും നിർദ്ദേശം നൽകാനും, ഇപ്രകാരം ഇറക്കുന്ന ഉത്തരവുകൾ ഡയറക്ടറേറ്റ് ഓഫ് അഡ്മിഷനിൽ നിന്നും ക്രോഡീകരിക്കാനും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർ ശം (3) പ്രകാരം വിദൂര വിദ്യാഭ്യാസ വിഭാഗം പ്രദാനം ചെയ്യുന്ന പൊതുവായ 17 ഇനം സേവനങ്ങളുടെ ഫീസുകളുടെയും ചാർജ്ജുകളുടെയും നിലവിലുള്ള നിരക്കുകളിൽ 5% ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ വിവിധ ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ പ്രവേശന ഫീസ്, ട്യൂഷൻ ഫീസ് എന്നിവയിൽ വർദ്ധനവ് വരുത്തിയിരുന്നില്ല.

17/03/2018 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 44/2018/ധന പ്രകാരം ഫീസുകളിലും ചാർജ്ജുകളിലും വരുത്തിയിട്ടുള്ള വർദ്ധനവ് ഈ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തിയ 05/05/2018 മുതൽ പ്രാബല്യത്തിൽ വരുത്താൻ പരാമർശം (4) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരം മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ വിവിധ ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ പ്രവേശന ഫീസ്, ട്യൂഷൻ ഫീസ് എന്നിവയിൽ സൂചന (1) ൽ പറയുന്ന സർക്കാർ ഉത്തരവ് പ്രകാരം താഴെ പറഞ്ഞിരിക്കുന്ന നിരക്കിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു വൈസ്ചാൻസലർ 06.08.2018ന് അനുമതി നൽകിയിട്ടുണ്ട്.